(ഡി) 2013-14-ൽ 25 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 3 ലക്ഷം രൂപ ചെലവഴിച്ചു. 2014-15ൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 5 ലക്ഷം രൂപ ചെലവഴിച്ചു. 2015-16-ൽ 3 കോടി രൂപ വകയിരുത്തിയിരുന്നതിൽ 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ച പ്രകാരം 30 ലക്ഷം രൂപ ട്രഷറിയിൽ അവശേഷിക്കുന്നുണ്ട്.

ബഡ്ജറ്റ് വിഹിതം

76 (1901) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) 2006-07 മുതൽ 2010-11 വരെയുള്ള ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതിയേതര ചെലവുകൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക, യഥാർത്ഥ ചെലവ്, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2006-07 മുതൽ 2015-16 വരയുള്ള ഓരോ സാമ്പത്തിക വർഷവും വിവിധധനാഭ്യർത്ഥനകളിൽ ഓരോ വകുപ്പുകൾക്കായി പദ്ധതി/പദ്ധതിയേതര ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക, ചെലവ്, ചെലവഴിച്ച തുകയുടെ ശതമാനം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

അടിസ്ഥാന സൗകര്യ വികസനം

77 (1902) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ (2011-12) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനായി ചില പ്രധാന പദ്ധതികൾ പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly